"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വ്യവസായ വകുപ്പ്-മൈനിംഗ് & ജിയോളജി- തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് താലൂക്കിൽ വട്ടപ്പാറ വില്ലേജിൽ ബ്ലോക്ക് നമ്പർ 33ൽ റീസർവ്വെ നമ്പർ 443/12, 443/12-1, 443/13, 443/13-1, 443/14, 443/16, 443/21, 443/22, 443/23, 443/24, 443/25-3-1 ൽ പെട്ട 91.12 ആർ സ്ഥലത്ത് ചുറ്റമതിൽ നിർമ്മിക്കുന്നതിന്റെ ഭാഗമായി ടി പുരയിടത്തിൽ സ്ഥിതി ചെയ്യുന്ന 1413.75 മെട്രിക് ടൺ ഉരുളൻ പാറകൾ നീക്കം ചെയ്യുന്നതിന് ശ്രീ.വെള്ളച്ചാമി സി.എൻ, റ്റി.സി 2/725(3), പാരിജാതം, രാജീവ് ഗാന്ധി ലൈൻ, മെഡിക്കൽ കോളേജ്, തിരുവനന്തപുരം എന്നവ്യക്തിക്ക് കെ.എം.എം.സി ചട്ടങ്ങളിലെ, ചട്ടം 104 പ്രകാരം പ്രത്യേകാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.309/2026/ID തീയതി,തിരുവനന്തപുരം, 12-03-2026

---

പരാമർശം:-

1. കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ
2. 05.06.2024-ലെ ശ്രീ.വെള്ളച്ചാമി സി.എൻ, റ്റി.സി 2/725(3), പാരിജാതം, രാജീവ് ഗാന്ധി ലൈൻ, മെഡിക്കൽ കോളേജ്, തിരുവനന്തപുരം സമർപ്പിച്ച അപേക്ഷ
3. 15.11.2024-ലെ നെടുമങ്ങാട് റവന്യൂ ഡിവിഷണൽ ഓഫീസറുടെ RDO-NDD/1122/2024-E നമ്പർ നിരാക്ഷേപ സാക്ഷ്യപത്രം
4. 04.01.2025, 19.8.2025-ലെ തിരുവനന്തപുരം ജില്ലാ ജിയോളജിസ്റ്റിന്റെ DOTHI-DMG/978/2024-M നമ്പർ കത്തുകൾ
5. 21.10.2025-ലെ മൈനിംഗ് & ജിയോളജി ഡയറക്ടറുടെ DMG/322/2025-M3 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് താലൂക്കിൽ വട്ടപ്പാറ വില്ലേജിൽ ബ്ലോക്ക് നമ്പർ 33ൽ റീസർവ്വെ നമ്പർ 443/12, 443/12-1, 443/13, 443/13-1, 443/14, 443/16, 443/21, 443/22, 443/23, 443/24, 443/25-3-1 ൽ പെട്ട 91.12 ആർ സ്ഥലത്ത് ചുറ്റമതിൽ നിർമ്മിക്കുന്നതിനു വേണ്ടി ടി പുരയിടത്തിൽ സ്ഥിതി ചെയ്യുന്ന ഉരുളൻ പാറകൾ നീക്കം ചെയ്യുന്നതിനുള്ള അനുമതിക്കായി ശ്രീ.വെള്ളച്ചാമി സി.എൻ, റ്റി.സി 2/725(3), പാരിജാതം, രാജീവ് ഗാന്ധി ലൈൻ, മെഡിക്കൽ കോളേജ്, തിരുവനന്തപുരം എന്നവ്യക്തി ജില്ലാ ആഫീസിൽ അപേക്ഷ സമർപ്പിച്ചിരുന്നു. അപേക്ഷാസ്ഥലം ജില്ലാ ഓഫീസിൽ നിന്നും 20/06/2024, 26/12/2024 തീയതികളിൽ പരിശോധന നടത്തുകയും ടി സ്ഥലത്ത് ഏകദേശം 1413.75 മെട്രിക് ടൺ ഉരുളൻപാറ നീക്കം ചെയ്യുവാനുള്ളതായി അളന്നു തിട്ടപ്പെടുത്തിയതായും സീനിയർ ജിയോളജിസ്റ്റ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി ആവശ്യത്തിലേക്കായി നെടുമങ്ങാട് റവന്യൂ ഡിവിഷണൽ ഓഫീസറുടെ പരാമർശം(3) നിരാക്ഷേപ സാക്ഷ്യപത്രവും ഹാജരാക്കിയിട്ടുണ്ട്. കൂടാതെ കൈവശാവകാശ സർട്ടിഫിക്കറ്റ്, ലൊക്കേഷൻ സ്കെച്ച്, അഫിഡവിറ്റ് എന്നിവയും അപേക്ഷകൻ ഹാജരാക്കിയിട്ടുണ്ട്. പുരയിടത്തിന് ചുറ്റമതിൽ നിർമ്മിക്കുന്നതിന്റെ ഭാഗമായി ഉരുളൻ പാറകൾ നിബന്ധനകൾക്ക് വിധേയമായി നീക്കം ചെയ്യുന്നതിന് കെ.എം.എം.സി ചട്ടങ്ങളിലെ, ചട്ടം 104 പ്രകാരം അനുമതി നൽകാവുന്നതാണെന്ന് മൈനിംഗ് & ജിയോളജി ഡയറക്ടർ പരാമർശം(5) പ്രകാരം ശിപാർശ ചെയ്തിരിക്കുന്നു .

2).സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മൈനിംഗ് & ജിയോളജി ഡയറക്ടറുടെ ശിപാർ ശയുടെയും നെടുമങ്ങാട് റവന്യൂ ഡിവിഷണൽ ഓഫീസറുടെ നിരാക്ഷേപ സാക്ഷ്യപത്രത്തിന്റെയും അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് താലൂക്കിൽ വട്ടപ്പാറ വില്ലേജിൽ ബ്ലോക്ക് നമ്പർ 33ൽ റീസർവ്വെ നമ്പർ 443/12, 443/12-1, 443/13, 443/13-1, 443/14, 443/16, 443/21,

443/22, 443/23, 443/24, 443/25-3-1 ൽ പെട്ട 91.12 ആർ സ്ഥലത്ത് ചുറ്റുമതിൽ നിർമ്മിക്കുന്നതിന്റെ ഭാഗമായി ടി പുരയിടത്തിൽ സ്ഥിതി ചെയ്യുന്ന 1413.75 മെട്രിക് ടൺ ഉരുളൻ പാറകൾ ചുവടെ ചേർക്കുന്ന നിബന്ധനകൾക്ക് വിധേയമായി നീക്കം ചെയ്യുന്നതിന് ശ്രീ.വെള്ളച്ചാമി സി.എൻ, റ്റി.സി 2/725(3), പാരിജാതം, രാജീവ് ഗാന്ധി ലൈൻ, മെഡിക്കൽ കോളേജ്, തിരുവനന്തപുരം എന്നവ്യക്തിക്ക് കെ.എം.എം.സി ചട്ടങ്ങളിലെ, ചട്ടം 104 പ്രകാരം പ്രത്യേകാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1.എക്സ്പ്ലോസീവ് ഉപയോഗിച്ചുള്ള ഖനന പ്രവർത്തനങ്ങൾ അനുവദനീയമല്ല.

2. നീക്കം ചെയ്യേണ്ട ധാതുവിന്റെ റോയൽറ്റി മുൻകൂറായി ഒടുക്കേണ്ടതാണ്.

3.ടി പ്രവൃത്തി നിമിത്തം സമീപവാസികൾക്ക് ബുദ്ധിമുട്ടോ സമീപവസ്തുക്കൾക്ക് നാശനഷ്ടമോ ഉണ്ടാകാൻ പാടില്ല.

4.പരിസ്ഥിതിക്ക് കോട്ടം വരാതെയും റോഡ് ഗതാഗതം തടസ്സപ്പെടാതെയും ഉരുളൻ പാറ നീക്കം ചെയ്യേണ്ടതാണ്.

5.റവന്യൂ ഡിവിഷണൽ ഓഫീസർ അനുവദിച്ച നിരാക്ഷേപ പത്രത്തിലെ വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്.

6.റീസർവ്വെ നം. 443/12, 443/12-1, 443/13, 443/13-1, 443/14, 443/16, 443/21, 443/22, 443/23, 443/24, 443/25-3-1 ൽ പെട്ട 91.12 ആർ സ്ഥലത്ത് ശേഖരിച്ചിട്ടുള്ള 1413.75 മെട്രിക് ടൺ ഉരുളൻപാറ മാത്രമേ നീക്കം ചെയ്യുവാൻ പാടുള്ളൂ. അനുവദിച്ച അളവിൽ കൂടുതൽ ധാതു നീക്കം ചെയ്യുന്ന പക്ഷം ചട്ടപ്രകാരം പിഴ ഈടാക്കുന്നതാണ്.

7.ജില്ലാ മിനറൽ സ്ക്വാഡ് കൃത്യമായി പരിശോധന നടത്തി അനധികൃത പ്രവർത്തനം നടക്കുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

8.സമീപത്തെ വീടുകൾക്കും റോഡിലൂടെയുള്ള വാഹനങ്ങൾക്കും അപകടം സംഭവിക്കാത്ത രീതിയിൽ മുൻകരുതലുകൾ സ്വീകരിച്ച് സ്ഫോടക വസ്തുക്കൾ ഉപയോഗിക്കാതെയും ഉരുളൻ പാറകൾ പൊട്ടിച്ച് നീക്കം ചെയ്യേണ്ടതാണ്.

9.തിരുവനന്തപുരം ജില്ലാ ഇൻസ്പെക്ഷൻ സ്ക്വാഡ് ഉത്തരവ് തീയതി മുതൽ 3 മാസത്തിനുശേഷം സൈറ്റ് ഇൻസ്പെക്ഷൻ നടത്തി വസ്തുതാ അന്വേഷണ റിപ്പോർട്ട് മൈനിങ് & ജിയോളജി ഡയറക്ടർ മുഖേന സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

10.ചട്ടം 104 പ്രകാരം നൽകിയ അനുമതി ദുരുപയോഗം ചെയ്തിട്ടുള്ളതായി തെളിയുകയാണെങ്കിൽ കെ.എം.എം.സി ചട്ടങ്ങൾ പ്രകാരം കർശന നിയമ നടപടി സ്വീകരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SABU ANTONY K
ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ, മൈനിംഗ് & ജിയോളജി വകുപ്പ്, തിരുവനന്തപുരം
റവന്യൂ ഡിവിഷണൽ ഓഫീസർ, നെടുമങ്ങാട്
ജില്ലാ ജിയോളജിസ്റ്റ്, തിരുവനന്തപുരം
ശ്രീ.വെള്ളച്ചാമി സി.എൻ, റ്റി.സി 2/725(3), പാരിജാതം, രാജീവ് ഗാന്ധി ലൈൻ, മെഡിക്കൽ കോളേജ് പി.ഒ, തിരുവനന്തപുരം-695011
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക(വെബ് & ന്യൂമീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sachin V R
സെക്ഷൻ ഓഫീസർ
Date: 12-03-2026 12:46:07